| | | |
|---|---|---|
| 2011 | - | 45.62 കോടി രൂപ |
| 2012 | - | 53.48 കോടി രൂപ |
| 2014 | - | 128.39 കോടി രൂപ |
| 2015 | - | 140.54 കോടി രൂപ |

ഇക്കാര്യത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് കാര്യമായ പുരോഗതി 2014-15 വർഷം ഉണ്ടായിട്ടുണ്ട്.

(സി) 2014-15 സാമ്പത്തിക വർഷം ആശ്വാസ് പദ്ധതി നടപ്പിലാക്കിയതിന്റെ ഭാഗമായി സംഘം/ബാങ്ക് തലത്തിലും താലൂക്ക് തലത്തിലും ജില്ലാ തലത്തിലും യൂണിറ്റ് ഇൻസ്പെക്ടർമാർ മുതൽ ജില്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ)/ജോയിന്റ് ഡയറക്ടർ (ആഡിറ്റ്) വരെ ഉൾപ്പെടുന്ന കമ്മിറ്റികൾ രൂപീകരിച്ചിരുന്നു. ടി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിനും പദ്ധതിയുടെ പുരോഗതി വിലയിരുത്തി യഥാസമയം റിപ്പോർട്ട് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിച്ചിരുന്നു. പദ്ധതിയുടെ ഭാഗമായി സംഘം/ബാങ്ക് തലത്തിൽ അദാലത്ത് സംഘടിപ്പിക്കുന്നതിന് കൂടുതൽ വകുപ്പുതല ഉദ്യോഗസ്ഥന്മാരെ വിന്യസിച്ചിരുന്നു. ടി പദ്ധതി കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സംസ്ഥാനതല നോഡൽ ആഫീസറായി സഹകരണ സംഘം രജിസ്ട്രാർ ആഫീസിലെ അഡീഷണൽ രജിസ്ട്രാറെ (ക്രെഡിറ്റ്) നിയോഗിച്ചിരുന്നു. ടി പദ്ധതിയുടെ പ്രാധാന്യം സഹകാരികൾക്കിടയിൽ എത്തിക്കുന്നതിനുവേണ്ടിയും വിജയകരമായ നടത്തിപ്പിനുമായി വിവിധ എഫ്.എം. റേഡിയോകൾ, പത്രമാധ്യമങ്ങൾ, പോസ്റ്ററുകൾ എന്നിവ വഴി വകുപ്പ് തലത്തിലും, ഫ്ലക്സ് ബോർഡുകൾ, നോട്ടീസുകൾ, മൈക്ക് പബ്ലിസിറ്റി എന്നിവ വഴി സംഘം/ബാങ്ക് തലത്തിലും പ്രചാരണം നൽകുകയുണ്ടായി.

## സ്റ്റാമ്പ് ഡ്യൂട്ടി ഒഴിവാക്കൽ

163 (530) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളത്തിലെ ഹൗസിംഗ് സഹകരണസംഘങ്ങൾക്ക് രജിസ്ട്രേഷനുള്ള സ്റ്റാമ്പ് ഡ്യൂട്ടി എക്സംപ്ഷൻ ബഹുമാനപ്പെട്ട ഹൈക്കോടതി എടുത്ത് കളഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദീകരണം നൽകുമോ ;

(ബി) 1960 മുതൽ പ്രസ്തുത സംഘങ്ങൾക്ക് അനുവദിച്ചു വരുന്ന ആനുകൂല്യം പുനഃസ്ഥാപിച്ചു കിട്ടുന്നതിലേക്കായി വകുപ്പിന്റെ ഭാഗത്തുനിന്നും സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ എന്തെല്ലാം ;

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത നടപടി ഭൂമാഫിയകളുടെയും റിയൽ എസ്റ്റേറ്റ് മാഫിയകളുടെയും ഇടയിൽപ്പെട്ട് വീർപ്പുമുട്ടുന്ന സംഘങ്ങളുടെ നിലനിൽപ്പിനെ ബാധിക്കുന്നതായതിനാൽ സംഘങ്ങൾക്ക് ഭൂമി രജിസ്റ്ററർ ചെയ്യുമ്പോഴും അംഗങ്ങൾക്ക് പതിച്ചു നൽകുമ്പോഴുമുള്ള സ്റ്റാമ്പ് ഡ്യൂട്ടി എക്സംപ്ഷൻ എന്ന ആനുകൂല്യം പുനഃസ്ഥാപിച്ച് ലഭിയ്ക്കുന്നതിന് നിയമനിർമ്മാണം,എക്സിക്യൂട്ടീവ് ഓർഡർ, ഓർഡിനൻസുകൾ എന്നിവയിൽ ഏതെങ്കിലും ഒരു നടപടി സ്വീകരിക്കുവാൻ സന്നദ്ധമാകുമോ ; ഇല്ലെങ്കിൽ എന്തുകൊണ്ട് ?

ഉത്തരം

(എ) സർക്കാരിന്റെ 8-10-1960-ലെ ജി.ഒ. (എംഎസ്.) 795/1960/അഗ്രി. നമ്പർ ഉത്തരവ് പ്രകാരം (SRO No.75/60), 1959-ലെ കേരള സ്റ്റാമ്പ് നിയമപ്രകാരവും, രജിസ്ട്രേഷൻ നിയമപ്രകാരവുമുള്ള സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ്, കടിക്കട സർട്ടിഫിക്കറ്റ് ഫീസ് എന്നിവയിൽനിന്നും സഹകരണ സംഘങ്ങളെ ഒഴിവാക്കി ഉത്തരവായിട്ടുണ്ട്. എന്നാൽ രജിസ്ട്രേഷൻ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ചില സബ് രജിസ്ട്രാർമാർ ഇതിൽനിന്നും വ്യത്യസ്തമായ നിലപാട് സ്വീകരിക്കുകയും സ്റ്റാമ്പ് ഡ്യൂട്ടി സംഘങ്ങളിൽ നിന്നും ഈടാക്കുകയും തുടർന്ന് ഈ വിഷയം സംബന്ധിച്ച് ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ നിരവധി കേസുകൾ പരിഗണനയിൽ വരികയും ഏറ്റവും ഒടുവിലായി റിട്ട് അപ്പീൽ 1216/2007-ൽ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഫുൾബെഞ്ച് പുറപ്പെടുവിച്ച വിധിന്യായപ്രകാരം Transfer of Property Act-ന്റെ വ്യവസ്ഥകൾ പ്രകാരം സംഘം എക്സിക്യൂട്ട് ചെയ്യുന്ന ആധാരങ്ങളിന്മേൽ മാത്രമേ സഹകരണസംഘങ്ങൾക്ക് സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് ലഭിക്കുകയുള്ളുവെന്ന് വിധിച്ചിട്ടുണ്ട്. 1969-ലെ കേരള സഹകരണ സംഘം നിയത്തിലെ വകുപ്പ് 40(1)(a) പ്രകാരവും SRO No.75/60-ലെ ക്ലോസ് (1) (a) പ്രകാരവും സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് അനുവദിച്ചിട്ടുള്ളത്, സംഘമോ അല്ലെങ്കിൽ സംഘത്തിന് വേണ്ടിയോ അല്ലെങ്കിൽ സംഘത്തിന്റെ അംഗമോ എക്സിക്യൂട്ട് ചെയ്യുന്ന ആധാരങ്ങളിന്മേൽ മാത്രമാണെന്നും, സംഘം സ്ഥലം വാങ്ങുമ്പോൾ Transfer of Property Act-ന്റെ വകുപ്പ് 55 പ്രകാരം ആധാരം എക്സിക്യൂട്ട് ചെയ്യുന്നത് വിൽപ്പനക്കാരൻ ആണെന്നും ആയതിനാൽ ടി സ്റ്റാമ്പ് ഡ്യൂട്ടി ഇളവ് ലഭിക്കില്ലെന്നുമാണ് വിധിന്യായത്തിൽ വ്യക്തമാക്കിയിട്ടുള്ളത്.

(ബി&സി) ബന്ധപ്പെട്ട സർക്കാർ ഉത്തരവിലും നിയമവ്യവസ്ഥയിലും ഭേദഗതി ആവശ്യമാണ്. സംഘങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകൾ മാറ്റുന്നതിന് ബന്ധപ്പെട്ട വകുപ്പുമായി കൂടിയാലോചിച്ച് ആവശ്യമായ ഭേദഗതികൾ നടപ്പിലാക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly